# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അങ്കമാലി നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ടി.പി.പരമേശ്വരന്റെ വൃക്ക സംബന്ധിച്ച അസുഖത്തിന് എറണാകുളം ലിസി ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ- ഇംബേഴ്സ്മെന്റായി അനുവദിക്കുന്നത് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2006/2019/തസ്വഭവ　　　　തിരുവനന്തപുരം, തീയതി : 18/09/2019

പരാമർശം :
1) ശ്രീ.ടി.പി.പരമേശ്വരന്റെ 01/11/2014 തീയതിയിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ.
2) അങ്കമാലി നഗരസഭാ കൗൺസിലിന്റെ 07/12/2015 തീയതിയിലെ 03-ാം നമ്പർ തീരുമാനം.
3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25/03/2019 തീയതിയിലെ എം.ആർ 4 (എൽ.ഡിസ്)/57103/2018/ആ.വ.ഡ നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 08/02/2016, 03/05/2018, 04/05/2019 തീയതികളിലെ ഡിസി1-4732/15 നമ്പർ കത്തുകൾ.

## ഉത്തരവ്

കരൾ സംബന്ധമായ അസുഖത്തിന് എറണാകുളം ലിസി ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കണമെന്ന അങ്കമാലി നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ടി.പി.പരമേശ്വരന്റെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ, പരാമർശം (2) പ്രകാരമുള്ള അങ്കമാലി നഗരസഭയുടെ കൗൺസിൽ തീരുമാനം സഹിതം പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കി.

2) നിലവിലെ നിയമപ്രകാരം അനുവദനീയമായ മരുന്നുകൾക്കും മറ്റ് അനുവദനീയമായ ഉപകരണങ്ങൾക്കും ലാബ് ടെസ്റ്റുകൾ ഉൾപ്പെടെയുള്ള പരിശോധനകൾക്കും സർക്കാർ അംഗീകൃത നിരക്കുകൾ പ്രകാരം ശ്രീ.ടി.പി.പരമേശ്വരന്റെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയിൽ ആകെ അനുവദനീയമായ തുക 99,822/- രൂപ (തൊണ്ണൂറ്റി ഒൻപതിനായിരത്തി എണ്ണൂറ്റി ഇരുപത്തിരണ്ടു രൂപാ മാത്രം) ആണെന്നും കെ.ജി.എസ്.എം.എ റൂൾസ് 1960 പ്രകാരമുള്ള അപേക്ഷയും സാക്ഷ്യപത്രങ്ങളും അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ടോ എന്ന് തുക മാറി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണെന്നും തുടർപരിശോധനയിൽ ക്രമപ്രകാരമല്ലാതെയോ അധികമായോ തുക മാറി നൽകിയതായി കാണുന്നപക്ഷം അപേക്ഷകൻ പ്രസ്തുത തുക തിരിച്ച് അടയ്ക്കാൻ ബാദ്ധ്യസ്ഥനാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും കണക്കുകൂട്ടി തന്നിട്ടുള്ള തുക മാറിനൽകുന്നതിന് മുമ്പ് ഒരിക്കൽക്കൂടി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്നും പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു..

3) പരാമർശം (3) പ്രകാരമുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അങ്കമാലി നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ടി.പി.പരമേശ്വരന് കരൾ

സംബന്ധമായ അസുഖത്തിന്, എറണാകുളം ലിസി ആശുപത്രിയിൽ ചികിത്സയ്ക്ക് ചെലവായതിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തി നൽകിയിരിക്കുന്ന 99,822/- രൂപയുടെ (തൊണ്ണൂറ്റി ഒമ്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തി രണ്ടു രൂപാ മാത്രം) 80% തുകയായ 79,858/- രൂപ (എഴുപത്തി ഒമ്പതിനായിരത്തി എണ്ണൂറ്റി അമ്പത്തി എട്ടു രൂപാ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ, അങ്കമാലി നഗരസഭാ സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിലും, തുടർ പരിശോധനയിൽ ക്രമപ്രകാരമല്ലാതെയോ അധികമായോ തുക മാറി നൽകിയതായി കാണുന്നപക്ഷം അപേക്ഷകൻ പ്രസ്തുത തുക തിരിച്ചടയ്ക്കാൻ ബാധ്യസ്ഥനാണെന്ന വ്യവസ്ഥയിലും, ടി തുക അങ്കമാലി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും, കേരള ഗവണ്മെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 ബാധകമാക്കിയ 1998 ലെ കേരള മുൻസിപ്പാലിറ്റീസ് (എംപ്ലോയീസ് മെഡിക്കൽ അറ്റൻഡന്റ്സ്) റൂൾ പ്രകാരം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.എസ്.കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
(മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ഉൾപ്പെടെ)
സെക്രട്ടറി, അങ്കമാലി നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ